# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 26

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. ഇതിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി അക്കാദമിക മാസ്റ്റർപ്ലാൻ ഓരോ വർഷവും തയ്യാറാക്കി മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കി വരുന്നു.

ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളെ വർത്തമാനകാലത്തിന് അനുസൃതമായി ഒരുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സമഗ്രഗുണമേന്മ പദ്ധതി 2025 - 26 അധ്യയനവർഷം മുതൽ ആരംഭിച്ചു. ഇതിന്റെ പ്രവർത്തനങ്ങളും അക്കാദമിക മാസ്റ്റർ പ്ലാനിൽ ഈ വർഷം മുതൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭൗതികസാഹചര്യം

ചുറ്റുമതിലോടുകൂടിയ 50 സെന്റ് പു
ത്തിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. പ്രീ
ഉൾപ്പെടെ അഞ്ച് ക്ലാസ്മുറികൾ പ്രവർത്തിക്കുന്ന
ഒരു ഹാളും ഓഫീസ്മുറി കെട്ടിടവും അടുക്കളയു
കുട്ടികൾക്ക് കൈകഴുകാനുള്ള വാഷ് ഏരിയ,
ശിശുസൗഹൃദ ടോയ്‌ലെറ്റുകൾ എന്നിവയും ന
ഭൗതികസാഹചര്യത്തിൽ ഉൾപ്പെടുന്നു.

## അവസ്ഥാപഠനം

പ്രീപ്രൈമറി ക്ലാസ്സുകളിലെ 18 കുട്ടിക
പ്രൈമറി ക്ലാസ്സുകളിലെ 23 കുട്ടികളും ഉൾപ്പെ
സ്കൂളിൽ ആകെ 41 കുട്ടികളുമുണ്ട്. ഇവർക്കാ
പ്രീപ്രൈമറിയിൽ ഒരധ്യാപികയും ഒരായയും
പ്രൈമറിയിൽ 4 അധ്യാപകരും ഉണ്ട്. കൂടാ
സ്കൂളിൽ ഒരു PTCM ഉം ഉച്ചഭക്ഷണം പാച
ചെയ്യാനായി ഒരാളുമുണ്ട്. സ്കൂളിലെ വിവിധ
പഠനപഠനേതര പ്രവർത്തനങ്ങളിൽ എ
കുട്ടികളും ഒരുപോലെ പങ്കെടുക്കേണ്ടതുണ്ട്.
ഈ പ്രവർത്തനങ്ങളുടെ മേന്മ എല്ലാ കുട്ടിക
ലഭിക്കേണ്ടതുമുണ്ട്. ഇങ്ങനെ ലഭിക്കുന്ന മേന്മ
പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ ഉന്നതിയി
മ്പോൾ, പൊതുവിദ്യാലയങ്ങളുടെ യശസ് വർദ്ധ
പൊതുവിദ്യാലയങ്ങളിലേക്ക്

## ഭൗതിക സാഹചര്യം

ചുറ്റുമതിലോടുകൂടിയ 50 സെന്റ് പുരയിടത്തിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പ്രീപ്രൈമറി ഉൾപ്പെടെ അഞ്ച് ക്ലാസ്മുറികൾ പ്രവർത്തിക്കുന്ന ഒരു ഹാളും ഓഫീസ്മുറി കെട്ടിടവും അടുക്കളയും ഉണ്ട്. കുട്ടികൾക്ക് കൈകഴുകാനുള്ള വാഷ് ഏരിയ, ശിശുസൗഹൃദ ടോയ്ലെറ്റുകൾ എന്നിവയും സ്കൂളിന്റെ ഭൗതിക സാഹചര്യത്തിൽ ഉൾപ്പെടുന്നു.

## അവസ്ഥാപഠനം

പ്രീപ്രൈമറി ക്ലാസ്സുകളിലെ 18 കുട്ടികളും പ്രൈമറി ക്ലാസ്സുകളിലെ 23 കുട്ടികളും ഉൾപ്പെടെ സ്കൂളിൽ ആകെ 41 കുട്ടികളുമുണ്ട്. ഇവർക്കായി പ്രീപ്രൈമറിയിൽ ഒരധ്യാപികയും ഒരായയും പ്രൈമറിയിൽ 4 അധ്യാപകരും ഉണ്ട്. കൂടാതെ സ്കൂളിൽ ഒരു PTCM ഉം ഉച്ചഭക്ഷണം പാചകം ചെയ്യാനായി ഒരാളുമുണ്ട്. സ്കൂളിലെ വിവിധങ്ങളായ പഠനപഠനേതര പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളും ഒരുപോലെ പങ്കെടുക്കേണ്ടതുണ്ട്. കൂടാതെ ഈ പ്രവർത്തനങ്ങളുടെ മേന്മ എല്ലാ കുട്ടികൾക്കും ലഭിക്കേണ്ടതുമുണ്ട്. ഇങ്ങനെ ലഭിക്കുന്ന മേന്മകളിലൂടെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ ഉന്നതിയിലെത്തുമ്പോൾ, പൊതുവിദ്യാലയങ്ങളുടെ യശസ് വർദ്ധിക്കുന്നു. ഇതോടൊപ്പം പൊതുവിദ്യാലയങ്ങളിലേക്ക് എത്തുന്ന കുട്ടികളുടെ എണ്ണവും വർദ്ധിക്കുന്നു. ഇങ്ങനെ

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 26

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. ഇതിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി അക്കാദമിക മാസ്റ്റർപ്ലാൻ ഓരോ വർഷവും തയ്യാറാക്കി മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കി വരുന്നു.

ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളെ വർത്തമാനകാലത്തിന് അനുസൃതമായി ഒരുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സമഗ്രഗുണമേന്മ പദ്ധതി 2025 - 26 അധ്യയനവർഷം മുതൽ ആരംഭിച്ചു. ഇതിന്റെ പ്രവർത്തനങ്ങളും അക്കാദമിക മാസ്റ്റർ പ്ലാനിൽ ഈ വർഷം മുതൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭൗതികസാഹചര്യം

ചുറ്റുമതിലോടുകൂടിയ 50 സെന്റ് പുരയിടത്തിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പ്രീപ്രൈമറി ഉൾപ്പെടെ അഞ്ച് ക്ലാസ്മുറികൾ പ്രവർത്തിക്കുന്ന ഒരു ഹാളും ഓഫീസ്മുറി കെട്ടിടവും അടുക്കളയും ഉണ്ട്. കുട്ടികൾക്ക് കൈകഴുകാനുള്ള വാഷ് ഏരിയ, ശിശുസൗഹൃദ ടോയ്‌ലെറ്റുകൾ എന്നിവയും സ്കൂളിന്റെ ഭൗതിക സാഹചര്യത്തിൽ ഉൾപ്പെടുന്നു.

## അവസ്ഥാപഠനം

പ്രീപ്രൈമറി ക്ലാസ്സുകളിലെ 18 കുട്ടികളും പ്രൈമറി ക്ലാസ്സുകളിലെ 23 കുട്ടികളും ഉൾപ്പെടെ സ്കൂളിൽ ആകെ 41 കുട്ടികളുമുണ്ട്. ഇവർക്കായി പ്രീപ്രൈമറിയിൽ ഒരധ്യാപികയും ഒരായയും പ്രൈമറിയിൽ 4 അധ്യാപകരും ഉണ്ട്. കൂടാതെ സ്കൂളിൽ ഒരു PTCM ഉം ഉച്ചഭക്ഷണം പാചകം ചെയ്യാനായി ഒരാളുമുണ്ട്. സ്കൂളിലെ വിവിധങ്ങളായ പഠനപഠനേതര പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളും ഒരുപോലെ പങ്കെടുക്കേണ്ടതുണ്ട്. കൂടാതെ ഈ പ്രവർത്തനങ്ങളുടെ മേന്മ എല്ലാ കുട്ടികൾക്കും ലഭിക്കേണ്ടതുമുണ്ട്. ഇങ്ങനെ ലഭിക്കുന്ന മേന്മകളിലൂടെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ ഉന്നതിയിലെത്തുമ്പോൾ, പൊതുവിദ്യാലയങ്ങളുടെ യശസ് വർദ്ധിക്കുന്നു. ഇതോടൊപ്പം പൊതുവിദ്യാലയങ്ങളിലേക്ക് എത്തുന്ന കുട്ടികളുടെ എണ്ണവും വർദ്ധിക്കുന്നു. ഇങ്ങനെ

ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളിൽ എത്തിക്കുക എന്നതും അക്കാദമിക മാസ്റ്റർ പ്ലാനിൽ നൽകിയിരി-ക്കുന്ന പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നു.

ലക്ഷ്യങ്ങൾ :-

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സൗഹൃദപരമായതും ശിശുകേന്ദ്രീകൃതവുമായ രീതിയിൽ പഠനവും പാഠ്യേതര-പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

കുട്ടികളുടെ പഠനതാത്പര്യത്തെയും വ്യക്തിത്വവികസന-ത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധന പ്രക്രിയയും നടത്തുക.

നിരന്തര മൂല്യനിർണയ പ്രക്രിയ ചിട്ടപ്പെടുത്തുക.

ഓരോ കുട്ടിയും അതതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

LSS പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കുക.

പഠനകാര്യത്തിലും പഠനാനുബന്ധരംഗത്തും രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്നതിന് ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ദിനാചരണങ്ങൾ അക്കാദമിക ലക്ഷ്യത്തോടെ മാത്രം സംഘടിപ്പിക്കുക.

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് സംസാരിക്കാനും വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക്‌വേണ്ടി

വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ പിന്തുണയും പ്രത്യേക പരിഗണനയും കോച്ചിംഗ് ക്ലാസ്സും നൽകുക.

ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, മദേഴ്സ് ലൈബ്രറി എന്നിവ സജീവമാക്കുക.

പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠിക്കുന്നതിനുള്ള അവസരം ഒരുക്കുക.

സോഷ്യൽ മീഡിയ അക്കാദമിക കാര്യങ്ങൾക്ക് ഉപയോഗിക്കുക

ക്ലബ്ബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ്, ഗണിതലാബ് പ്രവർത്തനങ്ങളിലും മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുക.

വിവിധ മേളകളിലും കലോത്സവങ്ങളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.

മികവുകൾ സമൂഹത്തിൽ എത്തിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുക.

പ്രവർത്തനക്രമം:-

ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ വായന, ലേഖനം, ഭാഷണം എന്നി മേഖലകളിൽ കുട്ടികളുടെ നിലവാരം അറിയുന്നതിനായി പ്രീടെസ്റ്റ് നടത്തുക. തുടർന്ന് നിലവാരം മെച്ചപ്പെടുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്യുക.

പ്രശ്നങ്ങൾ, വെല്ലുവിളികൾ.

സ്കൂളിൽ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളെയും പങ്കാളിത്തം ഉറപ്പു വരുത്താൻ കഴിയുന്നില്ല.

കലാ കായിക പ്രവർത്തനങ്ങൾക്കാവശ്യമായ വിദഗ്ധരുടെ സേവനം എല്ലായ്പ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.

റിസോഴ്സ് റൂമുകളുടെ അഭാവം.

IT ഉപകരണങ്ങളുടെ അഭാവം.